**അനുസ്മരണം**

## കെ. മുഹമ്മദ് മാസ്റ്റര്‍



**പൊന്നാനി** താലൂക്കില്‍ നന്നംമുക്ക് പഞ്ചായത്ത് മൂക്കുതല നരണിപ്പുഴ സ്വദേശിയായിരുന്നു കെ. മുഹമ്മദ് മാസ്റ്റര്‍. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, കൊടിഞ്ഞി പ്രദേശങ്ങളില്‍ 1950-'55 കാലങ്ങളില്‍ അധ്യാപകനായി സേവനം അനുഷ്ഠിച്ച കാലത്താണ് മുഹമ്മദ് മാസ്റ്റര്‍ പ്രസ്ഥാനവുമായി പരിചയപ്പെടുന്നത്. തന്റെ ജന്മനാടായ മൂക്കുതല പ്രദേശത്ത് പ്രസ്ഥാനത്തിന്റെ വളര്‍ച്ചക്ക് വേണ്ടി അദ്ദേഹം അഹോരാത്രം യത്നിച്ചു. മൂക്കുതല നരണിപ്പുഴ മദ്റസത്തുല്‍ ഉലൂമിന്റെ സ്ഥാപക സെക്രട്ടറിയായിരുന്നു. 27 വര്‍ഷം വടക്കുംമുറി ഗവ. എല്‍.പി സ്കൂളില്‍ തുടര്‍ച്ചയായി പ്രധാന അധ്യാപകനായി സേവനം അനുഷ്ഠിച്ച അദ്ദേഹം കാഞ്ഞിരമുക്ക് ജി.എല്‍.പി, ഒതളൂര്‍ ജി.എല്‍.പി സ്കൂള്‍ തുടങ്ങിയ സ്ഥാപനങ്ങളിലും പ്രധാന അധ്യാപകനായിരുന്നിട്ടുണ്ട്. ഭാര്യ ഖദീജ, മക്കള്‍ പരേതനായ മുഹമ്മദ് ഇഖ്ബാല്‍, ഫസ്ലുര്‍റഹ്മാന്‍, അബ്ദുല്‍ ഹകീം, അബ്ദുസ്സലാം, സ്വഫ്‌വാന്‍.

**പി.പി ഉമര്‍കുട്ടി ചങ്ങരംകുളം**

## പാറക്കല്‍ പാലിയില്‍ ബുഷ്റ



**ജീവിത** വിശുദ്ധിയും സ്വഭാവമേന്മയും സേവന പ്രവര്‍ത്തനങ്ങളും കൊണ്ട് ഒരു ഗ്രാമത്തിന്റെ മുഴുവന്‍ സ്നേഹാദരവുകള്‍ ഏറ്റുവാങ്ങിയ വ്യക്തിത്വമായിരുന്നു കോഴിക്കോട് ജില്ലയിലെ കക്കാട് പാറക്കല്‍ പാലിയില്‍ ബുഷ്റ(43). എം.എസ്.എം മുന്‍ സംസ്ഥാന സെക്രട്ടറിയും ഷാര്‍ജ ശരീഅ കോടതിയിലെ ഉദ്യോഗസ്ഥനുമായ പാറക്കല്‍ ഹുസൈന്‍ സലഫിയുടെ ഭാര്യയായിരുന്നു അവര്‍. താന്‍ മാരക രോഗത്തിനു അടിപ്പെട്ടിട്ടുണ്ടെന്ന് അറിയാമായിരുന്നിട്ടും അതവരെ അസ്വസ്ഥയാക്കിയില്ല.

ബന്ധുക്കളുടെയും അയല്‍വാസികളുടെയും പ്രയാസങ്ങള്‍ അനുഭവിക്കുന്നവരുടെയും ആവശ്യങ്ങള്‍ കണ്ടറിഞ്ഞു പൂര്‍ത്തീകരിക്കുന്നതില്‍ അസാധാരണ താല്‍പര്യം കാണിച്ചു. ഖുര്‍ആന്‍ പഠനത്തിനു ലഭ്യമായ എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തി. ആശുപത്രി കിടക്കയില്‍ പോലും തന്നെ ശുശ്രൂഷിച്ച നഴ്സുമാര്‍ക്കും പാരാമെഡിക്കല്‍ സ്റ്റാഫിനും ഖുര്‍ആന്‍ പരിഭാഷകളും ഇസ്ലാമിക ഗ്രന്ഥങ്ങളും നല്‍കി. ചേന്ദമംഗല്ലൂരിലെ പ്രാസ്ഥാനിക കുടുംബാംഗമായ പാലിയില്‍ അബ്ദുര്‍റഹ്മാന്റെ മകളായ ബുഷ്റ ഇസ്ലാഹിയാ സ്ഥാപനങ്ങളിലാണ് പഠിച്ചത്.

യാസീന്‍ ഹുസൈന്‍, ത്വാഹാ ഹുസൈന്‍, ത്വയ്യിബ് ഹുസൈന്‍, ഫാത്വിമ ഹുസൈന്‍ എന്നിവര്‍ മക്കളാണ്.

**അഹമ്മദ് തോട്ടതില്‍ കക്കാട്**

അല്ലാഹു പരേതരെ മഗ്ഫിറത്തും മര്‍ഹമത്തും നല്‍കി അനുഗ്രഹിക്കുമാറാകട്ടെ - ആമീന്‍.